**അവകാശ ലംഘന നോട്ടീസ്**

ചാനലിൽ വന്ന വാർത്ത സംബന്ധിച്ച്

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ ഒരു അവകാശ ലംഘന നോട്ടീസ് അങ്ങേയ്ക്ക് നൽകിയിട്ടുണ്ട്. അങ്ങയുടെ ഒരു റൂളിംഗിനെക്കുറിച്ച് ഈ സഭയിലെ ബഹുമാനപ്പെട്ട ഒരു അംഗം അങ്ങയെ വ്യക്തിപരമായി അപമാനിക്കുന്ന തരത്തിലും സഭയെ അപമാനിക്കുന്ന തരത്തിലും ചാനൽ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുകയുണ്ടായി. ആ ചാനൽ ചർച്ചയുടെ അവതാരകനും അതിൽ പങ്കെടുത്ത മറ്റ് ചിലരും അത്തരത്തിൽ പരാമർശങ്ങൾ നടത്തുകയുണ്ടായി. സഭയുടെ കൃത്യമായ അവകാശ ലംഘനമാണിത്. സഭയേയും സഭയുടെ സ്പീക്കറായ അങ്ങയേയും അങ്ങയുടെ തീരുമാനത്തെയും വ്യക്തിപരമായി അധിക്ഷേപിക്കുന്നതായ പരാമർശങ്ങളാണ് ആ ചർച്ചയിലുടനീളം നടന്നത്. ഈ അവകാശ ലംഘന നോട്ടീസിന്മേൽ തീരുമാനമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ചെയർ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം.